പോലീസ് വാനിൽ ഫോറസ്റ്ററിലെ തേക്കുതടി കടത്തിയ സംഭവം

1327. [2000] ശ്രീ. പി. സി. തോമസ് (കടത്തുരുത്തി) :
,, ജി. വരദൻ :
,, കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് വാനിൽ ഫോറസ്റ്ററിലെ തേക്കുതടി കടത്തിയ പോലീസുകാരെ പിടികൂടിയ വനം വകുപ്പു ഉദ്യോഗസ്ഥൻമാരിൽ ആരെയെങ്കിലും കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ സ്ഥലം മാറിയിട്ടുണ്ടോ ;

(ബി) പത്തനാപുരം റേഞ്ച് ആഫീസർ ശ്രീ. എസ്. കാർത്തികേയൻ പിള്ളയെ നെയ്യാർ ഡാമിലെ വന്യ ജീവി പാർക്കിലേക്ക് സ്ഥലം മാറിയിട്ടുണ്ടോ ;

(സി) തേക്കുമരം മുറിച്ച് പോലീസ് വാനിൽ കടത്താൻ ശ്രമിച്ചതിന് അറസ്റ്റ് ചെയ്യപ്പെട്ട പോലീസുകാർ ആരൊക്കെയാണ് ?

ഉത്തരം

(എ) തേക്കുതടി കളളക്കടത്ത് നടത്തിയ പോലീസുകാരെ പിടികൂടി എന്ന കാരണത്താൽ ആരെയും കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ സ്ഥലം മാറിയിട്ടില്ല.

(ബി) ഉണ്ട്. ഭരണപരമായ കാരണങ്ങളാൽ ശ്രീ. എസ്. കാർത്തികേയൻ പിള്ളയെ സ്ഥലം മാറിയിട്ടുണ്ട്. അതിനുള്ള തീരുമാനം തേക്കുതടി കയറ്റിയ പോലീസ് വാൻ പിടിക്കുന്നതിനുമുമ്പു തന്നെ എടുത്തിരുന്നതാണ്.

(സി) കൊല്ലം ആംഡ് റിസർവ്വ് ക്യാമ്പിലെ ഹെഡ് കോൺസ്റ്റബിൾ ശ്രീ. ചന്ദ്രൻപിള്ള, ടി.ക്യാമ്പിലെ പോലീസ് വാൻ ഡ്രൈവർ സ്റ്റീഫൻ മകൻ അലക്സാണ്ടർ എന്നിവരെയാണ് അറസ്റ്റുചെയ്തത്.

ആന നിരത്തി തേക്കു തോട്ടത്തിന്റെ പരിപാലനത്തിന് ചെലവഴിച്ച തുക

1328. [2001] ശ്രീമതി ഭാർഗവി തങ്കപ്പൻ :
ശ്രീ. കെ. ഇ. ഇസ്മയിൽ :
,, വി. കെ. രാജൻ :
,, പി. വിജയദാസ് :
,, എം. കെ. കേശവൻ :
,, കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ പരുത്തിപ്പള്ളി റേഞ്ചിലെ ആന നിരത്തി എന്ന തേക്കു തോട്ടത്തിന്റെ പരിപാലനത്തിനായി ആകെ എത്ര രൂപ ചെലവഴിച്ചു ;

(ബി) ഈ തോട്ടത്തിൽ നട്ട തൈകൾ എത്ര ;

(സി) ഇപ്പോൾ എത്ര എണ്ണം ഉണ്ട് ;

(ഡി) ഓരോ പ്രാവശ്യവും പരിപാലനത്തിനായി വൻതുകകൾ ചെലവ് ചെയ്യുമ്പോൾ മേൽപ്പടി തോട്ടത്തിന്റെ നിലനിൽപ്പും അപ്പോഴത്തെ അവസ്ഥയും എന്താണെന്ന് പരിശോധിക്കാറുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇവിടെ തുക യൊന്നും ചെലവഴിച്ചിട്ടില്ല.

(ബി) 1975-ൽ 32,500 തൈകൾ.

(സി) ഉദ്ദേശം 500 തൈകൾ.

(ഡി) ഉണ്ട്.

വന പരിപാലന ജോലികൾ

1329. [2002] ശ്രീ. കെ. പി. പ്രഭാകരൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, കാനം രാജേന്ദ്രൻ :
,, കെ. ഇ. ഇസ്മയിൽ :
ഡോക്ടർ എ. സുബ്ബറാവു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സദയം മറുപടിനൽകുമോ :

(എ) വനം വകുപ്പിൽ വനപരിപാലന ജോലികൾ ടെൻഡർ വിളിച്ച് കോൺട്രാക്ട് നൽകാറുണ്ടോ ;

(ബി) ഉണ്ടെങ്കിൽ 1984-85 വർഷത്തിൽ എത്ര രൂപയുടെ ജോലികൾ ടെൻഡർ വിളിച്ചു നൽകി ;

(സി) ഇതേ കാലയളവിൽ എത്ര രൂപയുടെ ജോലികൾ ഡിപ്പാർട്ടുമെൻറ് നടത്തി ?

ഉത്തരം

(എ) ഇല്ല.

(ബി) എ യുടെ ഉത്തരം അനുസരിച്ച് ചോദ്യം ഉദിക്കുന്നില്ല.

(സി) 273.95 ലക്ഷം രൂപ.

വിവിധ റേഞ്ചുകളിലെ വനഭൂമി

1330. [2003] ശ്രീ. കെ. ററി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ കേരളത്തിൽ എത്ര ഫോറസ്റ്റ് റേഞ്ചുകൾ ഉണ്ട് ;

(ബി) ഓരോ റേഞ്ചിലും ഉൾക്കൊള്ളുന്ന സംരക്ഷിത വനം, മറിനം വനം ഇവയുടെ വിസ്തീർണ്ണം എത്രയെന്ന് പറയാമോ ?

ഉത്തരം

(എ) 87 റേഞ്ചുകൾ.

(ബി) ഓരോ റേഞ്ചിലും ഉൾക്കൊള്ളുന്ന സംരക്ഷിത വനത്തിൻറെയും മറിനം വനത്തിൻറെയും തരം തിരിച്ചുള്ള വിസ്തീർണ്ണത്തിൻറെ കണക്ക് എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly